## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-211 — 10.10.2011-ൽ മറുപടിക്ക്

## യുവജനങ്ങളെ നവസമൂഹമായി വാർത്തെടുക്കുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ

**ഉത്തരം**

കുമാരി പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

(എ) കേരളത്തിലെ യുവജനങ്ങൾക്കിടയിൽ മദ്യപാനവും പുകയില ഉപയോഗവും വ്യാപകമാകുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(എ) കേരളത്തിലെ യുവജനങ്ങൾക്കിടയിൽ മദ്യപാനവും പുകയില ഉപയോഗവും വ്യാപകമാകുന്നത് തടയുവാനായി പഞ്ചായത്ത് യൂത്ത് സെന്ററുകൾ യുവജന ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ബോധവൽക്കരണ പഠന ക്ലാസുകളും, സെമിനാറുകളും നടത്തുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ മെയ് 31-പുകയില വിരുദ്ധ ദിനം, ജൂൺ 26-അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധദിനം എന്നീ ദിനങ്ങളിൽ പ്രത്യേക പരിപാടികളും യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കാറുണ്ട്;

(ബി) യുവജനങ്ങളെ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നവസമൂഹമായി വാർത്തെടുക്കുന്നതിന്, പുതുതായി എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) ഇക്കാര്യം ഗവൺമെന്റ് ആലോചിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ